"ഭരണഭാഷ-മാതൃഭാഷ"

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in

കേരള പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

തീയതി : 05-11-2020

**സർക്കുലർ നം 87**

സംസ്ഥാനത്തെ ജയിൽ വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന സി.എഫ്.എൽ.റ്റി. സെന്ററിനെ സംബന്ധിച്ച് വ്യാപകമായി പരാതി ഉയർന്നു വരുന്ന സാഹചര്യത്തിൽ ഓരോ മേഖലയിലും പ്രവർത്തിച്ചു വരുന്ന സി.എഫ്.എൽ.റ്റി. സെന്ററുകൾ മേഖലാ ഡി.ഐ.ജി. മാർ/ റീജിയണൽ വെൽഫെയർ ഓഫീസർമാർ നിർബ്ബന്ധമായി സന്ദർശനം നടത്തി പ്രസ്തുത സെന്ററിന്റെ പ്രവർത്തനം വിലയിരുത്തി സി.എഫ്.എൽ.റ്റി. സെന്ററിൽ കഴിയുന്ന തടവുകാരുടെ വിശദവിവരം എല്ലാ മാസവും 10- തീയതിക്കുള്ളിൽ മേലാഫീസിൽ സമർപ്പിക്കേണ്ടതാണ്. പ്രസ്തുത മാസത്തിൽ പ്രവേശിപ്പിക്കപ്പെട്ട തടവുകാരുടെ എണ്ണം, പോസിറ്റീവ് തടവുകാർ, വിടുതൽ ചെയ്ത തടവുകാർ, മാസാവസാനം സെന്ററിൽ ശേഷിക്കുന്ന തടവുകാർ എന്നിവരുടെ വിശദവിവരങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്. പ്രസ്തുത വിവരങ്ങൾ കൂടാതെ താങ്കളുടെ മേഖലയിലെ ഓരോ സ്ഥാപനങ്ങളിലും പുതിയതായി അഡ്മിഷൻ വരുന്ന തടവുകാരുടെ എണ്ണം, കോവിഡ് പോസിറ്റീവായ തടവുകാരുടെ എണ്ണം എന്നിവ തരം തിരിച്ച് മാർച്ച് 2020 മുതലുള്ള കണക്ക് മേലാഫീസിൽ സമർപ്പിക്കേണ്ടതാണ്. കൂടാതെ തുടർന്നുള്ള എല്ലാ മാസത്തെയും കണക്ക് 10- തീയതിക്കുള്ളിൽ സമർപ്പിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

ഋഷി രാജ് സിംഗ് IPS
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്

സ്വീകർത്താവ്: മേഖലാ ഡി.ഐ.ജി.മാർ

G2-25408/2020/PrHQ

8f6dcd